ഉത്തരം

(എ) പൊതുമരാമത്ത് വകുപ്പിലെ ഫെറി സർവ്വീസ് രാവിലെ 6 മണി മുതൽ 10 മണിവരെ ആയിരുന്നത് 5 മണി മുതൽ രാത്രി 9 മണിവരെ നിശ്ചയിച്ചു കൊണ്ട് സർക്കാർ ഉത്തരവ് നമ്പർ ആർ. ടി. 61/2000/പൊ.മ.വ തീയതി 21-1-2000 പ്രകാരം പുറപ്പെടുവിക്കുകയുണ്ടായി. പ്രസ്തുത ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ബി) ഇതിനെതിരെ പരാതി ലഭിച്ചതായി കാണുന്നില്ല.

(സി) നിലവിലുള്ളതിനേക്കാൾ കൂടുതൽ ജോലി സമയം വർദ്ധിപ്പിച്ചിട്ടില്ല. എന്നാൽ സർക്കാർ അനുഭാവപൂർവ്വം അവരുടെ നിവേദനം പരിഗണിച്ച് കടത്തു ജീവനക്കാരുടെ ഓവർടൈം അലവൻസ് 50 രൂപയിൽ നിന്ന് 100 രൂപയായി ഗവൺമെന്റ് ഉത്തരവ് നമ്പർ (ആർ. ടി.) 370/99/പൊ.മ.വ തീയതി 20-4-1999 പ്രകാരം വർദ്ധിപ്പിച്ചിട്ടുണ്ട്.

(ഡി) 16 മണിക്കൂർ ജോലി ചെയ്യണമെന്ന വ്യവസ്ഥ ചെയ്തിട്ടില്ല. മറിച്ച് ഫെറിസർവ്വീസ് സമയമാണ് നിജപ്പെടുത്തിക്കൊണ്ട് ഉത്തരവായിട്ടുള്ളത്. അധികസമയം ജോലി ചെയ്യുന്ന ഫെറിമാന്മാർക്ക് ഓവർടൈം അലവൻസ് നൽകിവരുന്നു.

ഭവന നിർമ്മാണ ബോർഡിലെ താൽക്കാലിക ഓവർസിയർമാർ

104 (T 3745) ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭവന നിർമ്മാണ ബോർഡിൽ വർഷങ്ങളായി എപ്ലോയിമെന്റ് എക്സ്ചേഞ്ച് വഴി നിയമനം ലഭിച്ച് തുടർച്ചയായി ജോലി ചെയ്യുന്ന എത്ര ഓവർസിയർമാരുണ്ടെന്ന് വെളിപ്പെടുത്താമോ ;

(ബി) ഇവർ എത്ര വർഷമായി ജോലി ചെയ്തുവരുന്നു ;

(സി) ഇവരെ സ്ഥിരപ്പെടുത്തുവാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ഇ) ഇതിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ;

(എഫ്) എത്രയും വേഗം ഇവരെ സ്ഥിരപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 8 ഓവർസീയർമാർ (സെക്കന്റ് ഗ്രേഡ്) ഉണ്ട്.

---

†അനുബന്ധം XIV

T മാറ്റിവയ്ക്കപ്പെട്ട ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly

(ബി) 5 പേർ 17 വർഷമായും ബാക്കി 3 പേർ 15 1/2 വർഷമായും ജോലി ചെയ്തു വരുന്നു.

(സി-ഇ) എപ്ലോയ്മെന്റ് എക്സചേഞ്ച് വഴി നിയമനം ലഭിച്ച ഇവർ 9-3-1995-ലെ 9516/അഡി. സി1/92/ഉ.ഭ.പ.വ. നമ്പർ ഗവൺമെന്റ് സർക്കുലർ പ്രകാരം ഇപ്പോഴും സർവ്വീസിൽ തുടരുന്നുണ്ട്. ഇവരെ സ്ഥിരപ്പെടുത്തുന്ന കാര്യം ഉദ്യോഗസ്ഥ ഭരണ പരിഷ്ക്കാര വകുപ്പിന്റെ പരിഗണനയിലാണ്. ഈ വിഷയം സംബന്ധിച്ച് ഹൈക്കോടതി സ്റ്റേ നിലനില്ക്കുന്നതായി ഉദ്യോഗസ്ഥ ഭരണ പരിഷ്ക്കാര വകുപ്പ് അറിയിച്ചിട്ടുണ്ട്.

(എഫ്) ഹൈക്കോടതി സ്റ്റേ നിലനില്ക്കുന്നതിനാൽ ഈ വിഷയത്തിൽ അന്തിമ തീരുമാനം എടുത്തിട്ടില്ല.

കോഴിക്കോട് നഗരത്തിലെ പുതിയങ്ങാടി-പുതിയാപ്പ റോഡിലെ ലെവൽക്രോസിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ

105 (3746) ശ്രീ. എം. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് നഗരത്തിലെ പുതിയങ്ങാടി-പുതിയാപ്പ റോഡിലെ ലവൽക്രോസിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് പൊതുമരാമത്ത് വകുപ്പ് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിനുവേണ്ടി എത്ര രൂപ ഡെപ്പോസിറ്റ് ചെയ്യണമെന്നാണ് റെയിൽവേ ആവശ്യപ്പെട്ടിരിക്കുന്നത് ;

(സി) പൊതുമരാമത്ത് വകുപ്പ് ഇതുവരെയായി എത്ര തുക റയിൽവേയ്ക്ക് നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഡി) ഇനി എത്ര തുക കൂടി റെയിൽവേയ്ക്ക് നൽകുവാൻ ബാക്കി ഉണ്ട് ; ഇതിനാവശ്യമായ ഭരണാനുമതി നൽകിയിട്ടുണ്ടോ ;

(ഇ) ഇല്ലെങ്കിൽ ഭരണാനുമതി നൽകി ആവശ്യമായ തുക റയിൽവേയ്ക്ക് നൽകുവാൻ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) കോഴിക്കോട് നഗരത്തിലെ പുതിയങ്ങാടി-പുതിയാപ്പ റോഡിലെ ലവൽക്രോസിന്റെ നിർമ്മാണത്തിന് 15,51,540 രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) പുതിയ ഇന്റർലോക്കിംഗ് ലവൽക്രോസ് നിർമ്മിക്കുന്നതിന് 29,41,600 രൂപ ഡെപ്പോസിറ്റ് ചെയ്യണമെന്നാണ് റയിൽവേ ആവശ്യപ്പെട്ടിരിക്കുന്നത്.

(സി) 15,51,540 രൂപ

(ഡി & ഇ) ഇന്റർ ലോക്കിംഗ് ഗേറ്റ് നിർമ്മിക്കുന്നതിന് 13,90,060 രൂപ

LIBRARY ARCHIVES Kerala Legislative Assembly